# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

**മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം പ്രസിഡന്റ് ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും.**

സർക്കുലർ നമ്പർ. 163

കർത്താവിൽ വാത്സല്യമുള്ളവരെ, നിങ്ങൾക്ക് വന്ദനം

സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമായ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം അതിന്റെ പ്രവർത്തനസരണിയിൽ 116 വർഷം പിന്നിടുവാൻ ദൈവം കൃപ ചെയ്തു. സഭയുടെ നാഥനായ യേശു ക്രിസ്തുവിനെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്നതിന് വളർന്നു വരുന്ന തലമുറയെ ഒരുക്കുന്ന ശുശ്രൂഷയാണ് സമാജത്തിലൂടെ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ ഈ കാലഘട്ടത്തിലും പരിമിതികളെ മറികടന്ന് വിവിധ മാധ്യമങ്ങളിലൂടെ ഈ വർഷത്തെ സൺഡേസ്കൂൾ പഠനവും, വി.ബി.എസ്സും നടത്തുവാൻ ദൈവം സാഹചര്യങ്ങൾ ഒരുക്കി തന്നു. താമസംവിനാ കുഞ്ഞുങ്ങളെ നേരിട്ട് പഠിപ്പിക്കുവാൻ ദൈവം തുണയ്ക്കട്ടെ.

സമാജത്തിന്റെ അനുദിന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വൈദീകരേയും, പ്രവർത്തകരെയും, സൺഡേസ്കൂൾ അദ്ധ്യാപകരേയും, കുഞ്ഞുങ്ങളേയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുന്നിതിന് നവംബർ മാസം 7-ാം തീയതി ഞായറാഴ്ച അഖിലലോക സൺഡേസ്കൂൾ ദിനമായി നാം ആചരിക്കുകയാണ്. അന്നേദിവസം ആരാധനയ്ക്ക് മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ച ആരാധനക്രമം ഉപയോഗിക്കണം. സാഹചര്യങ്ങൾ അനുകൂലമെങ്കിൽ ആരാധനയിൽ അദ്ധ്യാപകരേയും, കുഞ്ഞുങ്ങളെയും പങ്കെടുപ്പിക്കണം. അന്നേദിവസം ലഭിക്കുന്ന സ്ത്രോത്രകാഴ്ച സമാജം ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം.

കാലഘട്ടത്തിന്റെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി സമാജം പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ദൈവകൃപ നിങ്ങളിൽ വർദ്ധിച്ചു വരുമാറാകട്ടെ.

ക്രിസ്താബ്ദം 2021 ഒക്ടോബർ മാസം 22-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

+ ബർന്നബാസ്

**ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**

സൺഡേസ്കൂൾ സമാജം പ്രസിഡന്റ്

# MALANKARA MARTHOMA SYRIAN CHURCH

**From the Mar Thoma Sunday School Samajam President Joseph Mar Barnabas Suffragan Metropolitan**

**Circular No.163**

By the grace of God, the Christian Education Department of our Church, the Mar Thoma Sunday School Samajam has completed 116 years. Samajam has been involved in the ministry of preparing our younger generations to accept Jesus Christ as their Lord and Saviour. Throughout this pandemic, Samajam has conducted Sunday School classes and VBS by using different media, overcoming the numerous limitations and hurdles by the grace of God. In order to nurture our children, may our Lord help us to conduct our regular Sunday School classes as soon as possible.

This year we celebrate World Sunday School Day on Sunday, Nov 7th. This day is set apart to pray for those in the Sunday School ministry especially for our Achens, Samajam staff, Sunday School teachers and students. The special order of worship approved by our Metropolitan Thirumeni is to be used on that day. If the situation permits, the Sunday school teachers and students should be given the opportunity to participate and to lead the worship. The office bearers should note that the offertory collected on that day is to be remitted at the Samajam office.

May God help us to understand the challenges of the times and respond creatively to the ministry of the Samajam.

May the grace of our Lord abound in us.

In the year of our Lord October 22, 2021

from Trivandrum Marthoma Aramana

**Joseph Mar Barnabas Suffragan Metropolitan**

Mar Thoma Sunday School Samajam President